നാം വസിക്കുന്ന അഖിലാണ്ഡം വലുതും ചെറുതുമായ വിവിധ വ്യാപദേശങ്ങൾ കൊണ്ടു നിറഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ളവെക്കു മനുഷ്യർ സദാ തങ്ങളുടെ ബുദ്ധിയെ എല്പിടുത്തുന്നു. മറു ജീവജന്തുക്കളിലും ഒരു വൈഭവം കാണുന്നുണ്ടു. പക്ഷിക്കൂടും, എലിപ്പുനവും കുരുവിക്കൂടും എല്ലാം നിർമ്മിതങ്ങളാകുന്നു. ചില സാദ്ധ്യത്തിന്നായി ഉണ്ടാക്കപ്പെട്ടുമിരിക്കുന്നു. അവ സ്വയമായി വൃക്ഷാദികളെപ്പോലെ മുളെച്ചുണ്ടാകാതെ വേലയുടെ ഫലമായിരിക്കുന്നു. നിയോഗിക്കപ്പെട്ട സാദ്ധ്യത്തിനു തക്കവയുമാകുന്നു. മനുഷ്യരുടെ ഇടയിൽ ഉണ്ടാക്കപ്പെടുന്ന വ്യാപദേശങ്ങളിൽ തൊഴിലാളികൾ ഉണ്ടാക്കുന്നവയെ പ്രത്യേകം പറയാം. നമ്മുടെ വീടുകളും, മേശകളും പെട്ടികളും, പിത്തളപ്പാത്രങ്ങളും, മണ്പാത്രങ്ങളും, പുസ്തകങ്ങളും, രഥങ്ങളും, വള്ളങ്ങളും, ഒക്കെ സൂത്രപ്പണികൾ ആകുന്നു. ഓരോ പ്രത്യേക സാദ്ധ്യങ്ങൾക്കായിട്ടു നിയോഗിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ ഒരു വസ്തുക്കൾ എല്ലാം നിശ്ചേതന സമീക്ഷയുടെ വേലയാകുമോ? ഇല്ല. അവ സമീക്ഷമേൽ ചൈതന്യം വ്യാപരിക്കയാൽ ഉണ്ടായ ഫലം എന്നും ബുദ്ധികൂടാതെ അവയെ ഉദ്ദേശിപ്പാൻ വഹിയാ എന്നും സർവ്വരും അറിയുന്നു. പിന്നെയും ബുദ്ധിയുടെ കൂടുതൽ കുറെ

വുപോലെയും അതിന്റെ കൈപ്പാങ്ങിലുള്ള വിഭവങ്ങൾക്കു തക്കവണ്ണവും വ്യപദേശത്തിന്നു വ്യത്യാസമുള്ള പ്രകാരം നാം കാണുന്നു. ഒരു മനുഷ്യന്റെ സൂത്രവും വേലയും അസാമാന്യമായി വിശേഷവും ഉപകാരവുമായിരുന്നാൽ അവനെ ബഹു സമർത്ഥൻ എന്നു പറയുന്നു. കൈവേലയിൽ മോശമായിരിക്കുന്നവനോ ദോഷൻ എന്നാകുന്നു പേർ. മിഷ്ടി പട്ടണത്തിൽ രത്നങ്ങളിന്മേൽ എഴുത്തും ഭംഗിയായി പാരസികഭാഷയിൽ അക്ഷരങ്ങളെ കൊത്തിയുണ്ടാക്കിയ കോംവിപ്പെട്ട തൊഴിലാളികളെ കുറിച്ചു നാം എല്ലാവരും കേട്ടിട്ടുണ്ടു. അവരുടെ സാമർത്ഥ്യത്തിന്നു യോഗ്യമായിരിക്കുന്ന സ്തുതിയെ നാം അവർക്കു മനസ്സോടു കൊടുക്കയും ചെയ്യുന്നു. ഇവയൊക്കെയും സാമാന്യ സംഗതികൾ തന്നേ എങ്കിലും അവ സാരപ്രമാണങ്ങളെ നമുക്കു ചൊല്ലിത്തരുന്നു. അവയെ നിത്യ നിദാനത്തൊഴിലുകളിൽ നാം സ്വീകരിക്കുമ്പോൾ സാരകാര്യങ്ങളിൽ നാം ധിക്കരിച്ചാൽ ന്യായമാകയില്ല: വ്യപദേശങ്ങൾ ബുദ്ധിയിൽനിന്നു ഉത്ഭവിക്കുന്നു. അവയുടെ വിശേഷത ബുദ്ധിവൈഭവത്തിന്റെ ഏറ്റക്കുറച്ചിൽ പോലെ ഭേദഗതിയായുമിരിക്കുന്നു.

വ്യപദേശലക്ഷ്യങ്ങളോടു കൂടിയ അസംഖ്യ വസ്തുക്കൾ കൊണ്ടു അഖിലാണ്ഡം നിറഞ്ഞിരിക്കുന്നു, നിർജ്ജീവപദാർത്ഥങ്ങൾ മനുഷ്യരുടെ ഉപകാരത്തിന്നു കൊള്ളുവാൻ തക്കവണ്ണം പല പല ഗുണങ്ങൾ ഉള്ളവയായിരിക്കുന്നു [വൈശേഷികന്മാരുടെ അർത്ഥത്തിൽ ആകുന്നു ഗുണങ്ങൾ എന്നതിനെ ഞാൻ ഇവിടെ പ്രയോഗിക്കുന്നതു] കല്ലുരി എരിയുന്നു, കളിമണ്ണു കലവും കുടവുമാകുന്നു, ജലം വെടിപ്പാകുന്നു, ലോഹാദി തീയിൽ ഉരുകുന്നു, പിന്നെ ജീവജാലങ്ങൾ തങ്ങളുടെ വളർച്ചക്കും വർദ്ധനവിന്നും വേണ്ടി നിയമിക്കപ്പെട്ടിരിക്കുന്ന അതിശയ വ്യൂഹനത്താൽ വിശേഷതപ്പെട്ടിരിക്കുന്നു, വൃക്ഷങ്ങൾ തങ്ങളിൽ നിറഞ്ഞിരിക്കുന്ന അസംഖ്യമായ ശിരകളിലേ ദ്രവം കൊണ്ടു വളരുന്നു, മരുയും പൂവും ഫലത്തിന്നു വഴിയൊരുക്കുന്നു, കുതിര, മാട, ആന, ഒട്ടകം, എന്നിവ തങ്ങളുടെ ശക്തിയും ചൊടിപ്പും മൂലം തങ്ങൾക്കു മനുഷ്യർ നിശ്ചയിക്കുന്ന വിവിധമായ വേലകൾക്കു കൊള്ളുന്നവയായിരിക്കുന്നു, ഓരോ സംഗതികളിൽനിന്നു നാം മുറെക്കു അനുമാനിക്കേണ്ടുന്നതു എന്തു, ഒരു സചേതനദ്രവ്യത്താൽ

അവ ഉഭവായരാകുന്നു എന്നു തന്നെ അല്ലയോ? നി ശ്ചേതന പ്രകൃതിക്കു അയസ്കാന്തത്താൽ എന്നപോലെ ആകഷ്ടിക്കപ്പെടുകയോ പാലു ജനിപ്പിക്കുന്നതിൽ പശു വിന്റെ അകിടു എന്നപോലെ വ്യാപരിക്കപ്പെടുകയോ ചെയ്യുന്നതിനാൽ ഒരു വസ്തുക്കളെ ഒക്കെയും ഉണ്ടാക്കുവാൻ കഴിയുമോ. അതു അസാദ്ധ്യം തന്നേ. എല്ലാ മനുഷ്യന്നും ഓരോ കൈക്ക അയ്യഞ്ചു വിരൽ ഉള്ളതു എന്തു. എല്ലാവന്നും ഒരുരണ്ടു കണ്ണുള്ളതു കാലിൽ ആകാതെ തലയിൽ ഇരിക്കുന്നതു എന്തു. അവനു രണ്ടു ചെവിയുള്ളതു തലയുടെ മുകളിൽ ആകാതെ ഇരുവശത്തുമായിരിക്കുന്നതു എന്തു. ഫലവൃക്ഷങ്ങൾ എപ്പോഴും ഒരുതരം ഫലം തന്നേ കായിക്കുന്നതു എന്തു. മാവേൽ മാങ്ങായും വാഴേൽ വാഴെക്കായുമല്ലാതെ ഉണ്ടാകുന്നില്ല. നെല്ലുവിതെച്ചാൽ ചാമ വിളയത്തില്ല. കറുത്ത നൂൽകൊണ്ടു നെയ്താൽ കറുപ്പുശീലയെ കിട്ടുന്നുള്ളു. ലോകത്തിൽ മുറയും ക്രമവും ചട്ടവുമാകുന്നു നടക്കുന്നതു. വെളിച്ചവും ഉഷ്ണവും വീശുന്നതിന്നു സൂര്യൻ ദിവസം തോറും കിഴക്കുദിക്കുന്നു. ചന്ദ്രൻ തന്റെ വെണ്മയുള്ള ബിംബത്തെ രാത്രിയിലേ കാണിക്കുന്നുള്ളു. അതുകയാൽ മനുഷ്യരുടെ ഗുണത്തിന്നും സുഖത്തിന്നുമായിട്ടു ക്രമവും ഭംഗിയും വ്യപദേശവും കൊണ്ടു ലോകം നിറഞ്ഞിരിക്കുന്നു എന്നു നാം കാണുന്നു, അതു അങ്ങനെ ആയിരിക്കുന്നതു ചൈതന്യവും ബുദ്ധിയും ഉള്ള ഒരു ഭ്രതത്താൽ നിർമ്മിതമായതിനാൽ തന്നേയാകുന്നു. ഒരു വ്യപദേശങ്ങളുടെയും വേലകളുടെയും വിസ്തീർണ്ണതയിൽനിന്നു ഒരു സചേതന കർത്താവിന്റെ മഹത്വത്തെയും നമുക്കു കണ്ടുകൊള്ളാം. പ്രപഞ്ചത്തിന്റെ സ്രഷ്ടാവിനെക്കുറിച്ചു ന്യായത്തിലും വൈശേഷികത്തിലും യോഗത്തിലും കാണുന്ന ഉക്തികളും സത്യത്തിനു വിരോധമായിരിക്കുന്നില്ല എങ്കിലും അവന്റെ തേജസ്സിന്നും മഹിമെക്കും തക്കതല്ലായ്കയാൽ ആക്ഷേപിക്കേണ്ടതായിരിക്കുന്നു. ഒരു സംഗതിയെക്കുറിച്ചു പതഞ്ജലിയാൽ ചൊല്ലപ്പെട്ട അഭിപ്രായം എന്തെന്നു ദയയോടു പറഞ്ഞു കേൾപ്പിക്കുമോ പണ്ഡിതരേ.

ഗുരുദാസൻ. ഒരുശ്വരൻ ശക്തിയുള്ളവൻ എന്നു അവൻ ചൊല്ലുന്നു. എന്തെന്നാൽ അവന്റെ നാമത്തിൽ അതു അന്തരപ്പെടുന്നു. അവന്റെ അറിവിനു അവധിയില്ലായ്കയാൽ അവൻ സർവ്വജ്ഞനാകുന്നു എന്നും സമ്മ

തിക്കുന്നു. എന്നാൽ സൃഷ്ടിപ്പിൽ ഈശ്വരനുള്ള ഏല്പാടി നെക്കുറിച്ചു അവൻ ഒരു വിവരവും പറയുന്നില്ല.

എംഗ്ലീഷുകാരൻ. എന്നാൽ കാര്യാദികളെ നാം വിവരമായി നോക്കുകയും അഖിലാണ്ഡത്തിൽ കാണുന്ന സങ്കല്പങ്ങളുടെയും വ്യാപദേശങ്ങളുടെയും എണ്ണത്തെ നാം ശോധന കഴിക്കയും ചെയ്താൽ ദൈവത്തിന്റെ സ്വഭാവത്തെയും ശക്തിയെയും ജ്ഞാനത്തെയും നന്മയെയും കുറിച്ചു നമ്മുടെ മനസ്സിൽ ഉന്നത നിനവുകൾ ഉളവാകും. അതിനു നാം എങ്ങും ദൃഷ്ടാന്തങ്ങളെക്കാണുന്നു. അവയെക്കാണിക്കാത്തതായി പ്രപഞ്ചത്തിൽ യാതൊരു വസ്തുവുമില്ല. ആകാശത്തിൽ അവ അംഗുലിയല്ലാത്തവണ്ണം വിസ്താരത്തിൽ കാണപ്പെടുന്നതുകൂടാതെ ഭൂമിയിൽഎത്രയും ചെറുതായിരിക്കുന്ന പ്രാണികളിലും ചെടികളിലും കൂടെ അവ കാണപ്പെടുന്നു. അവയെ വെവ്വേറെവഴി വിവരിച്ചിട്ടു കാര്യമില്ല. അവ മേൽ പറഞ്ഞ ദൈവ ലക്ഷണങ്ങൾക്കു തന്നേ ഉറപ്പു വരുത്തുന്നതാകയാൽ ഉപപത്തികളുടെ എണ്ണം ഏറുന്നതല്ലാതെ വിശേഷമായി ഒന്നും സാധിപ്പാൻ ഉപയോഗമാകയില്ല.

അഖിലാണ്ഡത്തിലേ ഉപാദാനകാരണങ്ങളെക്കൊണ്ടു പ്രവൃത്തിക്കുന്നതിനു ആദ്യകാരണനായിട്ടു ഒരു കർത്തൃകാരണൻ ഉണ്ടെന്നു വിശ്വസിക്കേ നമുക്കു പാങ്ങുള്ളൂ. അഖിലാണ്ഡത്തിൽക്കാണുന്ന വ്യാപദേശ നിബന്ധനത്തിൽനിന്നു ഈ മഹാ കാരണൻ എത്രയും ബുദ്ധിയും ശക്തിയും നന്മയുമുള്ളവനാകുന്നു എന്നും നാം വിശ്വസിക്കേണ്ടി വരുന്നു. ഇങ്ങനെയുള്ള ഭൂതത്തെയാകുന്നു നാം ഈശ്വരൻ എന്നു വിളിക്കുന്നതു. നാം അവനെ ഭൂതങ്ങളിലേക്കു ശ്രേഷ്ഠനും തേജോമയനും എന്നുവെച്ചു ബഹുമാനിപ്പാനുള്ളതാകുന്നു. മറ്റു ഭൂതങ്ങൾക്കു ആധാരമായ മൂല ഭൂതമാകയാൽ അവൻ നിരാധാരൻ ആകുന്നു. ആകയാൽ സ്വയംഭവത്തിനുള്ള ശക്തി അവനുണ്ടായിരിക്കണം. അവൻ ഇരിക്ക അവശ്യമാകുന്നു. അവൻ ഇല്ലാതാകുവാൻ പാങ്ങില്ല. ഒന്നിനും അവന്റെ ഇരിപ്പിനെ ഇല്ലായ്മ ചെയ്കകൂടാ. ആകയാൽ അവൻ സ്വയാധാരൻ എന്നു പ്രത്യേകം പറയാകുന്നതാകുന്നു. അഖിലാണ്ഡത്തിന്റെ അവധിയില്ലാത്ത വിസ്തീർണ്ണതയും അതിൽ അടങ്ങിയിരിക്കുന്ന സാധനങ്ങളുടെ പെരുപ്പവും സ്വഭാവ ഹേതുകങ്ങളുടെ ശക്തിയും വേഗത

യും ഇവയെല്ലാം അവന്റെ ശക്തിയുടെ പെരുമയെക്കാണിക്കുന്നു. അഖിലാണ്ഡത്തിൽ കാണുന്ന വ്യപദേശങ്ങളുടെ വലിപ്പവും പെരുപ്പവും തരഭേദവും അവന്റെ അവർണ്ണനീയമായ ജ്ഞാനത്തിന്നു ദൃഷ്ടാന്തമാകുന്നു. ജീവജന്തുക്കളുടെ രക്ഷിക്കും സുഖത്തിന്നും ദുഃഖത്തിന്നും അവ അതിശയമായി ഉപകരിക്കുന്നതു അവന്റെ നന്മെക്കു സാക്ഷിയാകുന്നു. ലോകത്തിന്റെ സൃഷ്ടാവായിട്ടും അതിന്റെ നിത്യപരിപാലകനായിട്ടും അതിന്റെ നിരന്തരയുപകാരിയായിട്ടും അതിന്റെ കരുണയുള്ള പിതാവായിട്ടും മനുഷ്യക്കു ന്യായസിദ്ധമായ് രിക്കുന്ന ഭ്രമം ഇപ്രകാരമുള്ളവനാകുന്നു. ഇങ്ങനെയുള്ള ഉപപത്തികളോടു കൂടെ സകലവും യദൃച്ഛയാ ഇല്ലായ്മയിൽനിന്നു ഉണ്ടായി എന്നുള്ളതിന്നു കപിലന്റെയും ബൌദ്ധന്മാരുടെയും ജൈനന്മാരുടെയും യുക്തികളെ ഒത്തുനോക്കുമ്പോൾ അവ എത്ര ദുർബ്ബലമായിക്കാണപ്പെടുന്നു. ഈത്തരം മതത്തെ നാം തള്ളേണം. അവൻ ഉണ്ടെന്നും അവൻ തന്നെ അന്വേഷിക്കുന്നവക്കു സമ്മാനം നല്കുന്നവൻ എന്നുമുള്ള വിശ്വാസത്തെ നാം ന്യായത്തിൻ വാദത്തെ അനുസരിച്ചു കൈക്കൊള്ളേണം.

ഒരു സംഗതിയെ പറ്റിയുള്ള സംവാദം ഒരു വാക്കുകൊണ്ടു തീർന്നു.

അദ്വൈതം.

എംഡ്രീഷ്യു ജഡ്ജിയും അവന്റെ സ്നേഹിതന്മാരും തമ്മിൽ പുറകാലെ ഉണ്ടായ വാദം ഒരു ശ്വരന്റെയും അഖിലാണ്ഡത്തിന്റെയും സ്വഭാവത്തെക്കുറിച്ചു വേദാന്തികൾക്കു മുഖ്യമായിരിക്കുന്ന ഉപദേശം സംബന്ധിച്ചായിരുന്നു. ആ മതത്തിലും അതിനു വിരോധമായി ഹിന്ദുവിജ്ഞാനികൾ പറയുന്ന ആക്ഷേപങ്ങളിലും ഗ്രന്ഥകാരന്നു നല്ല ഊടം ഉണ്ടായിരുന്നു എങ്കിലും തർക്കം മുഖ്യമായിട്ടു നടന്നതു വേദാന്തികളിൽ ചില പണ്ഡിതന്മാരുമായിട്ടായിരുന്നു. വേദാന്തമതശേഖരത്തിലെ മുഖ്യ ഗ്രന്ഥകർത്താക്കന്മാരിൽ ഒരു പണ്ഡിതൻ വാദം ആദ്യം ആരംഭിച്ചു.

വേദാന്തി. വേദാന്ത ശാസ്ത്രത്തിന്റെ നിബന്ധാവു വേദവ്യാസൻ ആകുന്നു. എന്നാൽ അവൻ ബ്രഹ്മസൂത്ര

ങ്ങളെ ഉണ്ടാക്കിയതു വേദങ്ങളിലേ ഉപനിഷത്തുകളിൽ നിന്നായിരുന്നു എന്നു പറയുന്നു. ഓരോ ഉപനിഷത്തുകൾ അംഗീരസു മുതലായ മഹാ ഋഷികളാൽ ഉണ്ടായ പ്രോക്തങ്ങളാകുന്നു. അവർ തങ്ങളുടെ ശിഷ്യന്മാക്കു ഉപദേശിച്ചുകൊടുത്തു. അവനിൽനിന്നു ശേഷം പേരു പഠിച്ചു. ഇങ്ങനെ ഇക്കാലം വരെ അവ മാഞ്ഞുപോകാതെ നില്ക്കുന്നു.

എംഗ്ലിഷുകാരൻ. ഓരോ ദർശനത്തിൽ സാരമായ ഭാഗം ബ്രഹ്മത്തെക്കുറിച്ചുള്ളുപദേശമാകുന്നു എന്നു ഇനിക്കു തോന്നുന്നു, സർവ്വ വല്ലഭനായ ദൈവം ഒരുവൻ ഉണ്ടെന്നു വിശ്വസിക്കുന്നതിനുള്ള ഉപപത്തികളെ നാം ശോധന ചെയ്തില്ലൊ. എന്നാൽ ദൈവം സർവ്വവും എന്നും സർവ്വവും ദൈവം എന്നുമുള്ള വാദത്തെ നമുക്കു ഇനിയും ശോധന ചെയ്യാം. അതുകയാൽ പണ്ഡിതരേ നിങ്ങളുടെ പ്രമാണപ്പെട്ട പുസ്തകങ്ങളിൽ ഓരോ ഉപദേശത്തെ എങ്ങനെ വിവരിച്ചിരിക്കുന്നു എന്നു പറഞ്ഞു കേട്ടാൽ കൊള്ളാം.

വേദാന്തി. ശ്രുതിയിൽ പറയുന്നതാവിതു. "അഖിലാണ്ഡം എല്ലാം ബ്രഹ്മം അതുകൊണ്ടു." ഓരോ ഉക്തി വേദാന്ത ഉപനിഷത്തുകളിൽ ഒക്കെയും ഭാഷാ മാറാമായി പിന്നെയും പിന്നെയും ആവർത്തിക്കപ്പെട്ടിരിക്കുന്നു. അഖിലാണ്ഡം അവനിൽനിന്നു ഉത്ഭവിച്ചതു ഇന്നപ്രകാരമെന്നു കാണിക്കുന്നതിനു വളരെ നിദർശനങ്ങളെയും അവയിൽ കാണുന്നു. ചിലന്നിയിൽനിന്നു നൂലും ഭൂമിയിൽനിന്നു സസ്യവും ജീവജന്തുക്കളിൽനിന്നു രോമവും ഏതുപ്രകാരം ഉണ്ടാകുന്നുവോ അപ്രകാരം അക്ഷയബ്രഹ്മമായ ബ്രഹ്മത്തിൽനിന്നു അഖിലാണ്ഡം ഉണ്ടായിരിക്കുന്നു.

എംഗ്ലിഷുകാരൻ. ഇപ്പറഞ്ഞതു സർവ്വത്തെയും കുറിച്ചാകുന്നുവോ യാതൊന്നും ഒഴിയപ്പെട്ടിട്ടില്ലയോ.

വേദാന്തി. യാതൊന്നുമില്ല, നേരേമറിച്ചു പല തരത്തിലുള്ള ഒറ്റ വസ്തുക്കളെ അവന്റെ പ്രകടീകരണത്തിന്റെ എണ്ണങ്ങളായി പല സ്ഥലങ്ങളിലും കാണിച്ചിരിക്കുന്നു "അവൻ അഗ്നിയാകുന്നു. അവൻ സൂര്യനും ചന്ദ്രനുമാകുന്നു. അവൻ വായുവാകുന്നു. അവൻ വെള്ളമാകുന്നു" "നീ സ്ത്രീയാകുന്നു. നീ പുരുഷനാകുന്നു. നീ യുവാവാകുന്നു. നീ യുവതിയാകുന്നു, പിറന്ന വസ്തു എ

ല്ലാം പറക്കുന്നതൊക്കെയും കാലങ്ങളും നീ തന്നേ. നീ സമുദ്രമാകുന്നു. അഖിലാണ്ഡം നിന്റെ മുഖമാകുന്നു" എന്നിങ്ങനെയുള്ളവ തന്നേ.

എംഗ്ലീഷുകാരൻ. മനുഷ്യാത്മാവും ബ്രഹ്മത്തിന്റെ ഒരംശമാകുന്നു എന്നു സ്പഷ്ടമായിട്ടു പറഞ്ഞിട്ടുണ്ടോ. തങ്ങൾ എടുത്തു പറഞ്ഞതു കൂടാതെ മറ്റു തെളിവായ വാക്യങ്ങൾ അതിനുണ്ടോ.

വേദാന്തി. തീപ്പൊരി തീയുടെ അംശമായിരിക്കുന്നതുപോലെ ആത്മാവും പരംശ്വരന്റെ അംശമാകുന്നു എന്നു വേദവ്യാസൻ തെളിവായിട്ടു പറയുന്നു. അവർ തമ്മിലുള്ള സംബന്ധം സമസ്യവും ശകലവും തമ്മിലുള്ളതാകുന്നു. ശരീരം നിർമ്മാണമായപ്പോൾ ബ്രഹ്മം അതിനകത്തു പ്രവേശിച്ചു അവിടെ സ്ഥിതമായിരിക്കുന്ന ഹൃദയകമലത്തിന്മേൽ വാസമായി എന്നു ഉപനിഷത്തുകളിൽ ചൊല്ലിയിരിക്കുന്നു. ആകയാൽ, ദേഹത്തിന്നു അതിന്റെ നവദ്വാരങ്ങളോടു കൂടെ ബ്രഹ്മത്തിന്റെ പട്ടണം എന്നു പേരായിരിക്കുന്നു.

എംഗ്ലീഷുകാരൻ. അഖിലാണ്ഡം ബ്രഹ്മത്തിൽനിന്നുണ്ടായി അവനിൽ പിന്നെയും ലയിക്കുന്നു എങ്കിൽ അവന്റെ തത്വത്തിൽ എന്തുമാത്രം പരം വിവിധമായ വിഷയങ്ങളിൽ ഉൾപ്പെട്ടു കാണും.

വേദാന്തി. നാലിട്ടു ഒരംശം കാണുമെന്നു യജുർവ്വേദത്തിൽ ചൊല്ലിയിരിക്കുന്നു.

അന്തരീക്ഷം.

ചില ദേശങ്ങളിൽ പെയിലും മഴയും പെരുമാനവും കാർമേഘവും ഹിമവും കലുഴയും കുളിരും ഉഷ്ണവും ഒഴിയാതെ മാറി മാറി വരുന്നുണ്ടെല്ലോ. അങ്ങനെ പലമാതിരി ദിഗ്വായു (Climate) ഉള്ളേടത്തെ ജനങ്ങൾക്കു അതാതിലുള്ള പരിചയവും എത്രയും സഹജം തന്നേ: എന്നു വരികിലും പരം മാറ്റങ്ങൾക്കൊക്കെയും അവലംബിതമായിരിക്കുന്നതു എന്തിന്മേൽ എന്നു അറിയുന്നവരും ആകാശങ്ങളിൽ കാണുന്ന അതിശ്രേഷ്ഠമായും തുലോം അപൂർവ്വമായും ഉള്ള വിശേഷ ദർശനങ്ങളുടെ ഉത്ഭവത്തെ പറയാകുന്നവരും എത്ര ചുരുക്കം. കാറിന്റെ സാധാര

ണ ഗതിക്രമം ഇന്നപ്രകാരമെന്നു വണ്ണിപ്പാനും ഇടി വാം മിന്നലിന്റെയും പലനിറമായ മഴവില്ലിന്റെയും രഹസ്യോത്ഭവം എന്തെന്നു പറവാനും നമ്മിൽ ആക്കു കഴിയും? വടക്കേ രാജ്യങ്ങളിൽ ശീതകാലത്തിൽ മഴക്കാ റില്ലാത്ത രാത്രിയിൽ വടക്കേ ചക്രവാളം (Horizon) ചില പ്പോൾ ശോഭയുള്ള കൊള്ളിമീനോടൊപ്പം പടർന്നു ജ്വലി ക്കുന്നതെന്തുകൊണ്ടു? അല്ലെങ്കിൽ ആകാശമണ്ഡലത്തി ൽനിന്നു ചുട്ടപഴുത്ത ലോഹക്കല്ലുകൾ ചിലപ്പോൾ താ ഴെ വന്നു വീഴുന്നതെന്തുകൊണ്ടു? എന്നു വിസ്തരിച്ചു പറയാകുന്നവർ എത്രപേർ കാണും.

ഉന്നതമായ മാനുഷ ബുദ്ധിക്കു തന്നെയും ഗ്രഹി പ്പാൻ വഹിയാത്തതായ രഹസ്യങ്ങൾ ഇവയോടു സം ബന്ധിച്ചിട്ടുണ്ടു എന്നുവരികിലും അവയിൽ നമുക്കു നി ശ്ചയപ്പെടുത്താകുന്ന കാര്യങ്ങൾ വളരെയുണ്ടു. കൊള്ളി മീൻശാസ്ത്രം അഭ്യസിച്ചിട്ടുള്ള ഒരുത്തനു അതാതു മേ ഘത്തിനുള്ള പ്രത്യേക സാദ്ധ്യം ഇന്നതെന്നറിയാം. കാ റു ഇന്നവശത്തോട്ടടിക്കുന്നു എന്നറിയുന്നതു അവനു സാരം. നിറഞ്ഞ ഒരു കഥയാകുന്നു. ശാന്തമായ മഞ്ഞും വലിയ മുഴക്കമുള്ള ഇടികളും രണ്ടും ഒരുപോലെ അവ നു സാരം തന്നേ. മുൻപേ തന്നെ നാം വളരെ അറി ഞ്ഞിട്ടുണ്ടു വിജ്ഞാനത്താൽ ലഭിക്കുന്ന അറിവുകൊണ്ടു ക്രമേണെ അതിലും അധികം നാം അറികയും ചെയ്യും.

നമുക്കു വായുവിനെയും അതിന്റെ യോഗത്തെയും മനുഷ്യന്റെ ഉപകാരത്തിന്നായിട്ടുള്ള അതിന്റെ പല അംശങ്ങളുടെ പ്രയോഗത്തെയും കുറിച്ചു വിചാരിക്കാം. നമ്മുടെ ഭൂഗോളത്തെ മൂടിയിരിക്കുന്നതായിട്ടു രണ്ടു സമുദ്രം ഉണ്ടു. ഒന്നു ചിലെടത്തുമാത്രമുള്ളതും മറ്റൊന്നു ആകപ്പാടെ എല്ലാടത്തുമുള്ളതും. ഇവയിൽ ജലസമുദ്രം ഭൂമിയുടെ ഉപരിഭാഗത്തിൽ താണ സ്ഥലങ്ങളിൽ ഒക്കെ യും സ്ഥിതിചെയ്കയും പർവ്വതനിരകൾ വൻകരകൾ ദ്വീ പുകൾ മുതലായ ഉയർന്ന സ്ഥലങ്ങളിൽ കേറി സ്ഥിതി ചെയ്യാതെയിരിക്കയും ചെയ്യുന്നു. ഇതുകൂടാതെ ഭൂമിയെ മു ഴുവനും ഒരു പ്രസന്നസാൽവാകൊണ്ടെന്നപോലെ ചു റ്റിപ്പൊതിഞ്ഞിരിക്കുന്നതായ ഒരു വായു സമുദ്രം ഉണ്ടു. മത്സ്യങ്ങളും തിമിംഗലങ്ങളും സഞ്ചരിക്കുന്നതുപോലെ ഭൂമി സമുദ്രത്തുടെ പക്ഷികൾ പറന്നു നടക്കയും ഞണ്ടു കളും ഓട്ടി മത്സ്യങ്ങളും എന്നപോലെ മനുഷ്യരും മറ്റു

സ്തനപായികളും (Mammalia) ഒരം വായു സമുദ്രത്തിന്നടിയിൽ കൂടെ നടക്കയും ചെയ്യുന്നു.

ഒരം കായ്ങ്ങളെ കുറിച്ചു നല്ല അറിവുണ്ടാകുന്നതുപോലെ വായുവിനെയും എല്ലാ ബാഷ്പങ്ങളെയും (Gases) കുറിച്ചു അവ അദ്ധ്യാത്മമയമെന്നു ജനങ്ങൾ വിചാരിച്ചുപോകെ പാങ്ങുള്ളു. അവെക്കു നിരാകാരതത്വങ്ങൾ നല്ലപോലെ ഉണ്ടായിരിക്കാം എന്നല്ലാതെ അതിലധികമൊന്നും കാണുകയില്ല. അവ വെള്ളമോ പാറയോ പോലെ തൂക്കുകയും അളക്കുകയും ശോധന കഴിക്കുകയുംചെയ്യാകുന്ന പദാർത്ഥങ്ങളാകുന്നു എന്നു പ്രകൃതവിജ്ഞാനി അറിയുന്നുണ്ടു. രസായനൻ (The chemist) പലമാതിരി വായു ഉണ്ടെന്നും അന്തരീക്ഷത്തിൽ വളരെസാധനങ്ങൾ മിശ്രമിച്ചിട്ടുണ്ടു എന്നും അറിയുന്നു. അവയെന്തെല്ലാമെന്നു അവനോടു ചോദിച്ചാൽ അമ്ലലവണാദികളും ദ്രാവ്യപദാർത്ഥങ്ങളും അനേക നദികളിൽനിന്നു സദാ കടലിലേക്കു ഒഴുകി വീണുകൊണ്ടിരിക്കുന്ന പ്രകാരം ഏറെക്കുറെ നീരാവിയോടു കൂടെ അമ്ലകരബാഷ്പവും (Oxygen) യവക്ഷാരബാഷ്പവും (Nitrogen) യവക്ഷാരാമ്ലം (Nitric acid) കൂടാതെ അല്പം അംഗാരാമ്ലവും (Carbonic acid) അമ്മോനിയായും (Ammonia) സുഗന്ധ സസ്യപുഷ്പാദികളിൽനിന്നും വെള്ളം കെട്ടി നില്ക്കുന്ന ചതുപ്പുനിലങ്ങളിലോ അഗ്നി പർവ്വതങ്ങളിലോ നിന്നും മറ്റു പല കൈവഴികളിൽനിന്നും വിഷകരമോ ഇമ്പകരമോ ആയ ബാഷ്പങ്ങളും ആവികളും നമുക്കു മേലുള്ള വിസ്തീർണ്ണ സമുദ്രത്തിലേക്കു കരേറുന്നുണ്ടു എന്നു അവൻ പറയും.

ആദ്യം തന്നെ അമ്ലകരബാഷ്പം വായുവിന്റെ അംശഗണങ്ങളിൽ ഒന്നായിട്ടു കൂട്ടാം. ഒരം ആത്മതകരമായ ബാഷ്പം മറ്റൊരു ദ്രവ്യാംശമാകുന്ന ജലജബാഷ്പത്തോടു Hydrogen) യോജിക്കുന്നതിനാലത്രേ നീരുറവകളിലും ആറുകളിലും തടാകങ്ങളിലും കടലുകളിലും കിടക്കുന്ന വെള്ളമൊക്കെയും ഉണ്ടാകുന്നതു. അതു മറ്റു ചില വസ്തുക്കളോടുകൂടെ ചേർന്നു ചുണ്ണാമ്പുകല്ലു വെണ്മണ്ണുമുതലായി ഭൂഗോളത്തിന്റെ കട്ടിയായ വസ്തുക്കൾ ഒക്കെയും ഉണ്ടാകുന്നു. സകല മൃഗസസ്യാദികളിലും ഇതിന്റെ വളരെ അംശം കാണും. ഒരം ദ്രവ്യാംശം ജീവാജീവ വസ്തുക്കളിലും മനുഷ്യ കൃതികളിലും പ്രകൃതിയാൽ ധാരാളമായിട്ടുള്ളതാകകൊണ്ടു പഞ്ചേന്ദ്രിയങ്ങളാൽ നമുക്കു അറിയാകുന്ന എ

ല്ലാവസ്തുക്കളും തൂക്കിയാൽ നേരേ ഒന്നുപാതി അമ്ലകാ
ബാഷ്പമായിരിക്കും എന്നു സംശയം കൂടാതെ നിണ്ണയി
ക്കാം. ഓരോ ബാഷ്പംനമുക്കു ചുറവും സഞ്ചരിക്കുന്ന വായു
വിൽ മിശ്രപ്പെടാതെയിരിക്കുന്നു. ഓരോ പരികർമ്മിക്കുള്ളതാ
യ അപൂവ്വ ദർശനങ്ങളെ ദിവസേനെ മനുഷ്യർ കണ്ടും
ഇതു ധാരാളമായി നിറഞ്ഞിരിക്കുന്ന ശോഭരപ്പുരയായ
അന്തരീക്ഷത്തിൽനിന്നു വളരെ നാം അവൻ ഉപജീ
വിച്ചും ശ്വസിച്ചും വന്നു എന്നുമാത്രമല്ല അവനു നാ
ഴിക തോറുമുള്ള ആവശ്യങ്ങൾക്കു ശുശ്രൂഷ ചെയ്യുന്നാ
യിട്ടു ഇതിനെ ദാസനാക്കി കൊള്ളിച്ചും വന്നു എന്നുവ
രികിലും ഇതു നിറവും മണവുമില്ലാത്ത ബാഷ്പമാകകൊ
ണ്ടു ഇങ്ങനെയൊരു വസ്തു ഉണ്ടെന്നു പോലും അവൻ
അറിഞ്ഞുപോലുമില്ലാഞ്ഞു. ഓരോ. കഴിഞ്ഞ എണ്ണൂറു വർഷത്തിനി
ടയിൽ മാത്രമേ അവൻ അതിന്റെ വസ്തുത അറിഞ്ഞുള്ളു.
അന്തരീക്ഷത്തിലേ അമ്ലകരബാഷ്പം കൊണ്ടു മാത്രമാക
ന്നു മൃഗജീവങ്ങൾ ജീവിക്കുന്നതു. ഓരോ ബാഷ്പമില്ലാത്തെ
ടത്തു മനുഷ്യന്നാകട്ടെ ജീവനുള്ള യാതൊന്നിന്നാകട്ടെ
ജീവിപ്പാൻ കഴികയില്ല. ഒരു പക്ഷിയെയൊ ഓന്തിനെ
യൊ വായുവിനെ വലിച്ചെടുക്കുന്ന സൂത്രപ്പെടത്തിൽ
(Air pump) ഇടുകയൊ ഓരോ ബാഷ്പമൊട്ടുമില്ലാത്ത അന്ത
രീക്ഷത്തിൽ വിടുകയൊ ചെയ്താൽ നിമിഷം ശ്വാസം
മുട്ടി ചത്തുപോകും. വായുവിൽ ഉള്ള അമ്ലകരബാഷ്പംകൊ
ണ്ടാകുന്നു തീ എരിയുന്നതു. കൊല്ലൻ ഉലയിൽ തുരുത്തി
വെച്ചു ഊതുന്നതെന്തിനു? അധികം കാറ്റു ഒന്നിച്ചു ഹോ
മത്തോടെ ചെന്നു തീ കത്തി കരിക്കു പിടിക്കുന്ന വകെ
ക്കല്ലയൊ. തുരുത്തിയിൽ കൂടെ അധികം കാറ്റു ചെല്ലു
ന്നതിനാൽ അധികം അമ്ലകരബാഷ്പം തീയിൽ കൂടെ ക
ടക്കുന്നതാകകൊണ്ടു തീ നല്ലപോലെ കത്തുന്നു. വായു
തീരെയില്ലായിരുന്നാൽ തീ തീരെ കത്തുകയില്ല എന്നു
എല്ലാവക്കും അറിയാമെല്ലൊ. ആകയാൽ അമ്ലകരബാ
ഷ്പം ശ്വസനത്തിന്നും അഗ്നിജ്വലനത്തിന്നും അത്യാവ
ശ്യമെന്നു മാത്രമല്ല അതിന്റെ സഹായം കൂടാതെ പൂ
ണ്ണമാകാത്ത മറനേകം കർമ്മങ്ങൾ ഭൂമിയിൽ ഉണ്ടു താ
നും. എന്നാൽ അമ്ലകരബാഷ്പം തന്നേയുള്ള ഒരു അന്തരീ
ക്ഷത്തിൽ നാം പാർത്തിരുന്നു എങ്കിൽ തീയെല്ലാം ഭയങ്ക
രമായ അഗ്നിപ്രളയമായി കാണായിരുന്നു. എന്നല്ല ന
മ്മുടെ ശ്വസനത്തിനു വേഗം കൂടി ജ്വരം പിടിപെട്ടു നി

മിഷ്ടം മരിച്ചും പോകയെന്നെ. അതുകയാൽ അന്തരീക്ഷത്തിൽ ഒരു പങ്കു അമ്ലകരബാഷ്പത്തിന്നും നാലു പങ്കു യവക്ഷാരബാഷ്പം വീതം ഉണ്ടായിരിക്കകൊണ്ടു ഒരു തുടം പാരായത്തിൽ നാലുതുടം വെള്ളമൊഴിച്ചാൽ അതിന്റെ ശക്തി കുറഞ്ഞുപോകുന്നതുപോലെ അമ്ലകരബാഷ്പത്തിന്റെ ശക്തിയെ കുറെച്ചു കളയുന്നു. ഒരു യവക്ഷാരബാഷ്പവും അമ്ലകരബാഷ്പത്തെപ്പോലെ നിറമാകട്ടെ രുചിയാകട്ടെ മണമാകട്ടെ ഇല്ലാത്തതാകുന്നു. ഈ അമ്ലകരബാഷ്പം പോലെ അല്ല നേരെമറിച്ചു തുലോം മന്ദതയുള്ളതത്രേ. ഇതു ഒരു ഉറക്കംതൂങ്ങിപ്പുങ്കാരൻ ആകുന്നു. നമുക്കു ചുറുമുള്ളഅണുബന്ധനത്തിലെങ്ങും ഇതിന്നു ഒരു പങ്കുമില്ല. ഇതുകൊണ്ടുള്ള ഉപകാരം മനുഷ്യന്നു വന്നതു ചൊവ്വേനേരെയല്ല എന്നു തന്നേ പറയാം.

വായുവിൽ പതിനായിരം പങ്കിൽ മൂന്നു കഷ്ടിച്ചാൽ ഒരു പങ്കു അംഗാരാമ്ലമുണ്ടു. ചുണ്ണാമ്പുചൂളയിൽനിന്നു പുറപ്പെടുന്നതു ഒരു ബാഷ്പമാകുന്നു. മദ്യച്ചാറുകളിൽനിന്നും നുരയുള്ള മദ്യങ്ങളിൽനിന്നും പുറപ്പെടുന്നതായ കുത്തലും ഉഗ്രവുമുള്ള ബാഷ്പവും ഇതു തന്നേ. വലിയ അഗാധമുള്ള കല്ക്കരിഖനികളുടെ അടിവാരത്തിൽ ചിലപ്പോൾ ഒരു ബാഷ്പം അധികം ഉണ്ടാകയും അതു മനുഷ്യരെ ചിലപ്പോൾ ശ്വാസംമുട്ടിച്ചു കൊല്ലുകയും ചെയ്തിട്ടുണ്ടു. ഈ മനുഷ്യന്റെയും മറ്റെല്ലാ മൃഗങ്ങളുടെയും പപ്പുസുകളിൽനിന്നു (Lungs) ഉത്ഭവിക്കയും അവ അന്തരീക്ഷത്തിലേക്കു വിടുകയും ചെയ്യുന്നു. ഒരു ബാഷ്പത്തെ അധികം ശ്വസിക്കുന്നതിൽ വെച്ചു ഉപദ്രവമാകുന്നു ഉള്ളതു. എന്നാൽ ഇതിന്നു സാധാരണവായുവിൽ അരവാശി ഭാരമുണ്ടായിരുന്നാലും ഇതു അന്തരീക്ഷത്തിൽ ചെല്ലുന്ന ഉടൻ തന്നേ ചിതറിപ്പോകും. അതാതിന്നു പ്രത്യേകമുള്ള ഭാരം എത്രമാത്രമായിരുന്നാലും എല്ലായ്പോഴും പുണ്ണുമായിട്ടും തുല്യമായിട്ടും മറെറാരു ബാഷ്പത്തിൽ കൂടെ വ്യാപിക്കും. ഒരിക്കൽ മിശ്രപ്പെട്ടാൽ പിന്നെ യാതൊരു യന്ത്രബലംകൊണ്ടും അവയെ വേർപ്പെടുത്തുവാൻ കഴിയുന്നതല്ല. ഇതുനിമിത്തം അംഗാരാമ്ലം മൃഗക്കൂട്ടങ്ങൾ ഉള്ള സ്ഥലത്തു തുലോം സമൃദ്ധിയായും വലിയ തടാകത്തിന്മേലോ കടലിന്മേലോ വെള്ളംകൊണ്ടു ഒരു ബാഷ്പം ഉവിക്കുനിമിത്തം അതു അല്പമായും കണ്ടെത്തപ്പെടുന്നു എന്നു വരികിലും അന്തരീക്ഷം എവിടെയെല്ലാം ഉണ്ടോ അവി

ടെയൊക്കെയും ഇതും ഉണ്ടു. ഇതുണ്ടെന്നു ഏതു സമ
ത്തെങ്കിലും സാക്ഷിക്കാം. കുറേ ചുണ്ണാമ്പുവെള്ളം ഒ
പരന്ന പിഞ്ഞാണത്തിൽ കാറ്റത്തു വെക്കുമ്പോൾ
ലെ ചുടുന്ന പാടകൊണ്ടു അതു എന്തുമാത്രമുണ്ടെന്നും
രു വിധമായിട്ടു അറിയാം.

മൃഗ സസ്യാദി പദാർത്ഥങ്ങൾ അഴുകുമ്പോൾ ഒക്കെ
യും അമ്മോനിയാ ഉണ്ടാകും. ഒരു അമ്മോനിയാ വായു
ന്റെ മറ്റൊരു പ്രത്യേക അംശം അതുകൊണ്ടു എങ്കിലു
അംഗാരാമ്ലത്തോടും തന്നെ വായുവിൽ കാണുകയില്ല. ഈ
തു അന്തരീക്ഷത്തിന്റെ അൻപതു ലക്ഷത്തിൽ ഒരു
ങ്കു മാത്രമേയുള്ളു, എന്നാൽ ഒരു രസായനൻ പുതുതായി
ട്ടു പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിലും മറ്റൊരുത്തൻ
പ്രസിദ്ധപ്പെടുത്തീട്ടില്ലാത്ത പരിശോധനയിലും അമ്മോ
നിയാ മേൽ പറഞ്ഞതിലും തുലോം കുറച്ചേയുള്ളു എ
ന്നു കാണിച്ചിരിക്കുന്നു. മിന്നൽ വന്നു കടന്നുപോകുന്ന
സ്ഥലങ്ങളിൽ ഒക്കെയും അതു വെള്ളത്തോടു സംബന്ധി
ച്ചു അമ്ലകരബാഷ്പത്തെയും യവക്ഷാരബാഷ്പത്തെയും
മ്മിൽ രയോജിപ്പിക്കുന്നതിനാൽ അതുകൊണ്ടു യവക്ഷാരമു
ണ്ടാകുന്നതു. എന്നാൽ അതു അധികം ഉണ്ടാകാത്തതു
കൊണ്ടും കൊടുങ്കാറ്റുകൊണ്ടുണ്ടാകുന്ന മഴ അതിനെ
സാധാരണമായി കൊണ്ടുവരുന്നതാകകൊണ്ടും അതു
അന്തരീക്ഷത്തിലേ ഒരു പ്രത്യേക അംശം എന്നു പറ
ഞ്ഞുകൂടാ.

മനുഷ്യ മൃഗാദികൾ ശ്വസിക്കുന്നതുകൊണ്ടു വായുവിൽ
ഉള്ള അമ്ലകരബാഷ്പം സദാ കുറെകയും അംഗാരാമ്ല
കൂടുകയും ചെയ്യുന്നതിനാൽ ശ്വാസം വലിക്കുന്നതിനു
അന്തരീക്ഷം കൊള്ളരുതാതായി തീരുന്നു എന്നു കണ്ടിരി
ക്കുന്നു. ഒരു ഭംഗിയുള്ള ചട്ടംകെട്ടുകൊണ്ടു ഇതിനു ഒരു
പ്രതിവിധിയുണ്ടാക്കീട്ടില്ലാഞ്ഞു [എങ്കിൽ ഇതിൻ ഫല
ങ്ങൾ പിന്നാലേയുള്ള സന്തതിയിൽ വളരെയായിരുന്നേ
നെ.

അമ്ലകരബാഷ്പവും അംഗാരാമ്ലബാഷ്പവും വേണ്ടു
വിധമെ അന്തരീക്ഷത്തിൽ കൊള്ളിച്ചിരിക്കുന്ന ചന്ത
മായ ചട്ടംകെട്ടിനെ നമുക്കു വിസ്തരിക്കാം. മുൻ പറ
ഞ്ഞപ്രകാരം മൃഗങ്ങൾ ശ്വസിക്കുന്നതിനാൽ അമ്ലകര
ബാഷ്പം കുറെകയാകുന്നു ഉള്ളതു. ഒരു പ്രമാണം മനു
ഷ്യൻ പക്ഷികൾ മൃഗങ്ങൾ മത്സ്യം മുതലായവയോടും

സംബന്ധിക്കുന്നു. ഇവ ശ്വസിക്കുമ്പോൾ ജീവപ്രദമായ അമ്ലകരബാക്ഷ്വത്തെ തങ്ങളുടെ പഴുസുകളിലേക്കും ചികളകളിലേക്കും വലിക്കയും അവിടെ അതു, തങ്ങളുടെ ശരീരങ്ങളിൽ അധികം അടങ്ങിയിരിക്കുന്നതായ അംഗാരത്തോടു യോജിച്ചിട്ടു, അംഗാരാമ്ലമായി തീരുകയും ചെയ്യുന്നു. രസായനസമ്പക്ക (Chemical affinity) ശക്തികൊണ്ടുണ്ടാകുന്നതും നന്നാ അടുത്തും അതിശയകരമായും സംബന്ധിച്ചിരിക്കുന്നതുമായ ഒരു സ്ഥിതിയിൽ അതിനെ വീണ്ടും പുറത്തോട്ടു ശ്വസിക്കയും അങ്ങനെ അന്തരീക്ഷത്തിലേക്കു തിരിച്ചു ചെല്ലുകയും ചെയ്യുന്നു. ഒരു വേല ഇടവിടാതെ നടന്നു പോരുന്നതിനാലും അനേകം കാലമായിട്ടു ഭൂവിദ്യ (Geology) കൊണ്ടു നാം പരിചയിച്ചറിഞ്ഞിരിക്കുന്ന പ്രകാരം അനേകായിരം വായിൽ കൂടെ സദാ ഒരു വായുവിനെ വലിച്ചു വിടുന്നതിനാലും ഇപ്പോൾ അമ്ലകരബാക്ഷ്വം അശേഷം അംഗാരാമ്ലമായി തീരുന്നതിനും അതിനാൽ മനുഷ്യൻ മുതലായ ജീവസൃഷ്ടി ഒക്കെയും നശിച്ചുപോകുന്നതിനും ഹേതുവായിരിക്കുന്നു എന്നു നമുക്കു സ്വഭാവം കൊണ്ടു വിചാരിപ്പാനിടയുണ്ടു. എന്നാൽ ജന്തുഗണത്തിനു ഉപജീവനം സസ്യമാകകൊണ്ടു അതു സസ്യത്തിനു ആവശ്യമുള്ള ഭാഗത്തെ വായുവിൽ തിരികെ കൊടുക്കത്തക്കവണ്ണം ചട്ടം കെട്ടിയിരിക്കുന്നു.

ഒരു തെങ്ങുവൃക്ഷത്തെ കുറിച്ചു തന്നെ നമുക്കു വിചാരിക്കാം. അതു പത്തോ ഇരുപതോ വർഷത്തിനു മുൻപേ നിലത്തു കുഴിച്ചിട്ടതായി മുളയുടെ യാതൊരു ലക്ഷ്യവുമില്ലാഞ്ഞ ഒരു കൊട്ടത്തേങ്ങായായിരുന്നു. അതു കുറേനാൾ അവിടെ കിടന്നു വേരുപാകി മുളച്ചു പച്ചനിറമുള്ള നീണ്ട ഓലമടലുകൾ അതിൽനിന്നു പുറപ്പെട്ടു. അന്നുമുതൽ ആണ്ടുതോറും അതു ഭംഗിയിലും വലിപ്പത്തിലും ഒന്നിനൊന്നിനു മുതിർന്നു ഇപ്പോൾ മാസംതോറും ഫലം നല്കുന്നതായ ഒരു വലിയ വൃക്ഷമായി തീർന്നിരിക്കുന്നു. ഒരു ഭംഗിയേറിയ രാജധാനി അതിന്റെ ഭിത്തികൾ കിളിവാതിലുകൾ ഗോപുരങ്ങൾ കഴുക്കോൽ പട്ടിക ഓട് ശിലാന്തി മേത്തട്ട് എന്നല്ല അതിന്റെ സകല ചിത്രപ്പണികളോടും കൂടെ, കല്ലാശാരിയാകട്ടെ മരയാശാരിയാകട്ടെ പണിയുന്നതിനെ നാം കാണുകയെങ്കിലും അവരുടെ പണിയായുധങ്ങളുടെ ശബ്ദം കേൾക്കയെങ്കിലും

ചെയ്യാതിരിക്കെ, യദൃഛയാ ഉണ്ടാകയെന്നു വന്നാൽ അ തു ഒരു അതിസംഭവം എന്നു വിചാരിക്കയില്ലയോ? എ ന്നാൽ ഭൂമി തെങ്ങിലും മറെറല്ലാ വൃക്ഷങ്ങളിലും സസ്യ ങ്ങളിലും ഇങ്ങനത്തെ അതിശയം സദാ നടന്നു വരുന്നു. ഭൂമി വൃക്ഷങ്ങൾ ദൈവമായ സൂത്രപ്പണിക്കാരന്റെ കൃ തിയാകുന്നു. എന്നാൽ ഭൂമി പണിക്കു വേണ്ടുന്ന പദാ ർത്ഥങ്ങൾ എവിടെനിന്നാകുന്നു ഉണ്ടാകുന്നതു. കൊന്ന തെങ്ങു മുഴുവനും തേങ്ങായിക്കകത്തില്ലാതെയു. വൃക്ഷംവ ളരുന്നു വരുന്നതു നമുക്കു കാണാം. എന്നാൽ അതിന്റെ തളിർകളും വണ്ണവും നീളവും അതിന്നെടുത്തുകൊണ്ടു നില്പാൻ വഹിയാത്തവണ്ണമുള്ള ഫലങ്ങളും ഉണ്ടാകുന്ന തെവിടെനിന്നു?.

ചെടികളുടെ വളച്ചക്കു ഉപയോഗപ്പെടുത്തിയിരിക്കു ന്ന പദാർത്ഥങ്ങൾ നന്നാ ചുരുക്കം തന്നേ. ചെടിയും വൃ ക്ഷങ്ങളും അവയുടെ ചുണ്ണാമ്പു കാരം ഗന്ധകം മുതലാ യവയെ തകന്ന പാറയിൽനിന്നാകുന്നു ലഭിക്കുന്നതു. എന്നാൽ അതാതു വൃക്ഷത്തിന്റെയാകട്ടെ ചെടിയുടെയാ കട്ടെ വലിപ്പത്തിൽ അധികഭാഗവും പ്രത്യേകം അംഗാര വും (Carbon) ജലജമ്ലബാഷ്പവും അമ്ലജമ്ലബാഷ്പവും കൊണ്ടു ണ്ടാകുന്നതാകുന്നു. ഭൂമി ദ്രുതങ്ങൾ ഏറെക്കുറേ കൂടി തടി യും വണ്ണപദാർത്ഥങ്ങളും സുഗന്ധ എണ്ണകളും ഉണ്ടാകുന്നു. ചെടി ഭൂമിവകകളെ ലഭിക്കുന്നതു അന്തരീക്ഷത്തിൽ നി ന്നാകുന്നു. വൃക്ഷയിലകളിന്മേൽ കാറടിക്കുമ്പോൾ അവ അന്തരീക്ഷത്തിലുള്ള അംഗാരാമ്ലബാഷ്പത്തിലെ അംഗര ത്തെ എടുത്തുംകൊണ്ടു അമ്ലകരബാഷ്പത്തെ വിട്ടുകളയുന്നു. ആകാശത്തിലുള്ള ഭൂമിയുംകൊണ്ടോ നിലത്തുള്ള ഭൂമിയുംകൊ ണ്ടോ വൃക്ഷത്തിലുള്ള ജലജമ്ലബാഷ്പം ഉത്ഭവിക്കുന്നു. അ മ്ലജമ്ലബാഷ്പം അംഗാരാമ്ലത്തിലും ജലത്തിലും വേണ്ടുവോ ളം ഉണ്ടു. വൃക്ഷങ്ങളിലും ചെടികളിലും അംഗാരം മറെ റവസ്തുക്കളോടു യോജിച്ചാകുന്നു ഇരിക്കുന്നതു. ഇവിടെ അംഗാരമെന്നു പറയുന്നതു നാം നിദാനം കാണുന്ന കരിക്കട്ടയല്ലാതെ മറെറാന്നുമല്ല. വജ്രക്കല്ലു കരിയുടെ ഒരു ആകൃതി വ്യത്യാസമത്രേ. വൃക്ഷാംശങ്ങളിൽ വളരെ പങ്കു അംഗാരമാകുന്നു. ഭൂമി അംഗാരം വൃക്ഷത്തിന്നു കിട്ടുന്ന തു മുഴുവനും വായുവിൽനിന്നാകുന്നു. തെക്കു തെങ്ങു മാ വു മുതലായ വൃക്ഷങ്ങളും മുളകുകൊടിയും പുല്ലും ഇവ യെല്ലാം ഭൂമി ബാഷ്പ്യവസ്തുക്കളെ ലഭിക്കുന്നതു ഇവെക്കു

മീതെ കൂടിയിരിക്കുന്ന വായുവിൽനിന്നാകുന്നു. വായുവിൽനിന്നു ലഭിക്കുന്ന അംഗാരവും അമ്ലകരബാഷ്പവും ജലജബാഷ്പവും ആകുന്നു തേങ്ങായിൽ. ചിരട്ടയായിട്ടും എണ്ണയായിട്ടും കരിമ്പിൽ നീരായിട്ടും ആയി. തീരുന്നതു. അതുകയാൽ ഒരു കൂമ്പാരം പഞ്ചസാരയാകട്ടെ ഒരു കുപ്പി എണ്ണയാകട്ടെ ഒരു റൊട്ടിയാകട്ടെ വായുവിന്റെ ഒരു ആകൃതിഭേദമല്ലാതെ മറെറാന്നുമല്ല. ഓരോ കായ്വർഗ്ഗങ്ങളെ എല്ലാം ക്രമപ്പെടുത്തുന്നവനായ ദൈവത്തിന്റെ ജ്ഞാനം എത്ര വലുതാകുന്നു. "എല്ലാവരുടെയും കണ്ണുകൾ നിങ്കലേക്കു നോക്കിയിരിക്കുന്നു നീ തക്കസമയത്തു അവർക്കു അവരുടെ ഭക്ഷണത്തെ കൊടുക്കയും ചെയ്യുന്നു. നീ നിന്റെ കയ്യിനെ തുറന്നു ജീവനുള്ള എല്ലാറിന്റെയും, അഗ്രഹത്തെ തൃപ്തിയാക്കുന്നു" എന്നു സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നതു എത്ര ശരി.

THE LOST POSSESSION RESTORED.

A STORY OF AURUNGZEBE.

Aurungzebe the Emperor of Delhi, although in his advance to the throne he had been no doubt guilty of some unworthy actions, was a prince of great wisdom and ability in the government of the important country which owned his sway. Dow in his history of Hindostan describes him as being "indefatigable, vigilant, and exact, in the administration of justice." "His long experience," he tells us, "in business, together with the acuteness and retentiveness of his mind, rendered him master even of the detail of the affairs of the Empire. He remembered the rents, he was thoroughly acquainted with the usages of every particular district. He was wont to write down in his pocket-book every thing that occurred to him through the day. He formed a systematical knowledge of every thing concerning the revenue from his notes, to which, upon every necessary occasion, he recurred. The governors of the provinces, and even the collectors in the districts, when he examined either on the state of their respective departments, were afraid of misrepresentation or ignorance. The first ruined them for ever; the latter turned them out of their offices." But notwithstanding the vigilance of Aurungzebe, and his anxiety for the welfare of his subjects, many abuses of power and unjust measures, of which he heard nothing in the Palace, were only too common in the provinces, as the following tale will shew.

ruptly turned away, and left the blacksmith looking after him in some astonishment, while he retraced his steps again to the main road.

Aurungzebe thought much over what the poor blacksmith had told him, as he walked along towards the east with his pilgrim's staff, and determined to go boldly through the next village, feeling sure now of the impossibility of any one recognizing him as the Emperor, in order that he might observe well what was going on. Scarcely had he reached the village, when his attention was attracted by an old woman, who was hurrying along at a great speed, and was talking incessantly to herself, and, in tones loud enough to be heard at some distance, was vowing vengeance, as people in anger will sometimes do, on some person or persons who were invisible. Aurungzebe asked her what was the matter.

"What is the matter!" returned the woman out of breath, "Why, is not the Prince of Oude coming up here? and have not the Muckudum's people been at my house, saying they want provisions for his followers? and have they not taken away all my hens, and all my eggs, and my milch goat, by which my children are fed, and all my ripe plantains? and have not they taken away my two bullocks with which I get my living by bringing firewood from the jungles? My bullocks I shall never see again: and as for the other things, I shall never get a dám for them."

"And, my good woman, are many people thus oppressed?" asked the Emperor.

"Many people!" exclaimed the woman, "How old are you, to ask such a question? Is there a house, in which the people are unable to defend themselves, that is not robbed?"

The woman now turned uncermoniously into her compound, and Aurungzebe entered the village. Here he spent the rest of the day, during which time he had abundance of opportunities of observing to his sorrow, that what he had learned from the blacksmith and the old woman was only too true. That night too he chose to spend in a large choultry just outside the village, where he conversed freely with the different travellers whom he found there. However we cannot recount all that the Emperor did or said, but must, without further preamble, give the story of "the lost possession restored."

Aurungzebe determined if possible to pass the second night of his wanderings at the house of some respectable ryot. Accordingly after a long day's walk, four o'clock in the afternoon found him steadily pursuing a road, which led to a neat looking house in a valley which was green with half-grown corn. The compound of the house itself, which was remarkably clean, was raised a little above the valley, and just beneath a little stream, from which the fields were irrigated, was tumbling over the stony water-

course. The tenants of the house were evidently industrious people, for the first sound that met the ears of the Emperor was the well-known creaking of the bamboo lever, by which the ryot was raising water from the stream to the level of his garden, for the benefit of the yams and other vegetables which grew in great profusion; while the good woman, his wife, was busily engaged in scouring the brass vessels belonging to the house. Aurungzebe was not disappointed in his desire. The woman, who looked curiously at him, after consultation with her husband, agreed to provide him with food, and also to allow him to rest there during the night. Accordingly the Emperor sat down on a low stone wall, and entered into conversation with the woman. "You seem to be very happy here," he began, "in this neat and clean Cottage."

"Ah! but we should be much happier," said the woman, "if we could but get our rights: when the strong oppress the weak, and when the law, which ought to protect the oppressed, is weak itself, there cannot but be much unhappiness in the country."

"And," inquired the disguised sovereign, "in what particular way are you suffering oppression?"

"O", said the woman, "it would be a long tale if I told you all; it is only about that land there you see in the valley; and you would not care to hear about it."

"Indeed," said Aurungzebe, "I should. Though I am, as you see, a wandering fakir, untroubled with lawsuits, yet I have had my troubles, and hope that I am ready to sympathise with others."

"Well then," began the woman, "many generations back, an ancestor of my husband's, having by his industry made a considerable sum of money, and being anxious to increase his lot of land around this house, proposed to buy those fields you see below of the Zemindar, who, he knew, was deeply in debt. The Zemindar refused to sell them outright, but mortgaged them for a large sum, on a condition that if the money were not repaid at a certain date, the lands should belong *bona fide* to our ancestor. The time came, and the Zemindar being still unable to pay, the lands were properly transferred to the new owner. These lands remained long in the possession of my husband's family, until on an unlucky day my husband's father rented them out to another person, who died without an heir about twelve years ago. The Crorie of the Pergunna at once seized this man's property as belonging to the crown, since the man was heirless; but with the man's own personal property the crorie also seized the land he had rented of us, and appropriated its produce, as he said, to the use of the government. This case was at once put in court: but it was ten years before we could obtain a decision, during which time my hus-

band underwent much vexation and trouble, besides feeling that he was unlawfully deprived of what was in every sense his own. However at last, a little more than two years since, the chief Cazi decided that the land was ours, and did not lawfully belong to the government. Once more then my husband sowed and reaped his own. You will suppose my trials end with this- Not so. Although my husband again sowed the ground, the servants of the present Zemindar are now waiting to reap the crop, which will soon be ripe, by force; and they possess an order, written by the noble Mirza Feridon Beg himself, stating that the lands bought by our ancestor, to the extent of fifty bigahs, are not ours, but a part of the Zemindary."

"Extraordinary relation!" exclaimed the Emperor. "But I cannot quite understand why Mirza Feridon Beg should give a decree contrary to that of the Cazi."

"The reason," said the women, "no doubt is this, the present Zemindar is his friend, being a man of noble blood, and he has warily told him, that this land is a portion of the zemindary, and belongs to him: upon which Mirza Feridon Beg, without further investigation of the case, orders that the Zemindar, Shech Sadi, be assisted by the shackdars, if necessary, in reaping his crop, since the land evidently belongs to him."

At the close of this recital, Aurungzebe endeavoured to console the woman by telling her, that she had his best wishes that the day might soon come, when they should again enjoy their property without molestation. Some business now called the woman away for a time, and Aurrugzebe was left to his meditations.

But we must now follow him on his return to Delhi. Having remained during the night at the cottage where we last saw him, he started very early in the morning on his way back: and the following morning at sunrise found him again walking through the streets of his capital. There, before he reached the Palace, a little incident occurred, which we cannot but mention. Being minded to go to the Palace by a road but little frequented, it so happened that he chose the one in which was situated the house of the grand Cazi. Just before he reached the entrance to this house, he observed a palanquin, which he knew to belong to the richest merchant in the city, whom in fact he also recognized, as he alighted from the palanquin, and entered the house of the Cazi. Aurungzebe could not but wonder at this early visit; the sun had not yet risen; and as he passed the house, he also passed close by the merchant's head servant, who was holding a box, such as valuable jewels are often placed in, and was evidently

waiting for the word of command to carry it, at the proper season, into the house. He looked scornfully at the fakir, as he passed, who however, in an apparently careless manner, asked him what he had got, "Ho, ho," said the man with a leer, "you would like to know, would you? It would be worth more than you and I put together, and sold to the highest bidder, would fetch ,for me to tell you".

"Jewels?" asked the fakir, as he passed on.

"You might have guessed worse" said the man with a wink. "Case in court, that's all," added he.

The fakir passed on: and that morning, at eleven o'clock punctually, the Emperor was again in his reception hall, surrounded by his Vizier, the Meer Hajib, and other officers of state.

A few mornings after this, Aurungzebe, in the midst of a large assembly, related the story of his adventures as a fakir amid much merriment. He ordered that the fifty bigahs of land should be restored to their rightful owner, and that the dishonest Sheeh Sadi should be punished. He also openly reprimanded Mirza Feridon Beg, who was present, for his carelessness and favouritism; and granted a monthly pension of one hundred Rupees to the man, who through his false decree had been injured, to be paid from the royal funds to him and to his heirs for ever, in compensation for the injury he had experienced for ten years at the hands of government officials. He also told as a joke what he had seen at the grand Cazi's door. The Cazi, who was also one of the number present, looked much confused; and it is on record, that he was much more circumspect in after years; and always looked with uneasiness on any fakir, whose appearance happened to be rather more respectable than is usual with that class of mankind

D.

SMILES THROUGH TEARS.

We wept, for we thought of a merry voice,
A voice we should hear no more,
Whose tones had made our hearts rejoice,
Whene'er we were sad of yore.

We wept, for we thought what he might have been,
Had his young life been spared;
And we had said that life was a dreary scene,
We had cursed it——had we dared?

We wept, for we thought——he has fled for e'er,
We shall never meet again——
And we bowed beneath our load of care,
And our tears fell fast as rain.

We wept, for we opened the worn old book,
Most cherished, most loved by the child,
And we cast on its pages a sad sad look——
What saw we there, that we smiled?

We smiled, for writ by his tiny hand
These words there met our eyes,
"My Redeemer lives! With the seraph-band
I shall praise him in the skies!"

We smiled, for we thought of the Mansions fair,
To Christ's redeemed ones given;
And our brother's loss seemed a lighter care,
For we said —we shall meet in Heaven!

Anne.

കെട്ടുകഥ.

മാടപ്രാവെന്ന പക്ഷിയും തന്നുടെ
പിടയുമായി മേളിച്ചിരുന്നീടിനം [ൽ
വടിവോടൊത്ത വൃക്ഷത്തിൽമേവുമ്പാ
ആടലുടെയുര ചെയ്തു പക്ഷിണി.

ആടിത്തുവിണ ക്രിപ്പുന്ന ത്രത്താലവ.
ആട്ടത്തെല്ലാ നാക്കു രണവും
തട്ടത്തിടാമൊ മൈവത്തിൻ കല്പന
പട്ടമനസന്മാരെന്നിരികിലും.

കാടകം തന്നിലോട്ടം ശ്രുങ്ങളെ
തേടിവരുന്നാരു വേടന്മഹാ ദുഷ്ടൻ
തടിമാടനെം താടിയും മീശയും
മുടിയുമാമവും ചെമ്പിച്ചതന്നെ.

കൂടകൊള്ളി കണക്കെ ജ്വലിക്കുന്ന
കൂടകണ്ണും പുരോഭാഗവികാണുമ്പോൾ
പേടിച്ചോടിയൊളിപ്പിടം കാലനും
നിടിലെക്കണന്തന്നാനെ നിശ്ചയം.

നെടുതായുള്ള വില്ലൊരു ശരം
തൊടുത്താശു വലിച്ചു നിറെച്ചുടൻ
പട്ടതുമൊരു നിമ്നനധോഭവി.
തട്ടത്തിടുവാനായതു ദൈവമേ.

വിടപോപരി സഞ്ചരിച്ചീടുന്ന
കുടിലശയനായ പരുന്തെയ്യോ
കുടിപ്രാശു കൂലചെയ്യുന്നതെ
കുടുകേളമവന്ന കുവയില്ല.

കാടതോറും ചരിച്ചുള്ള ക്രൂരനും
ക്രൂരമാടി വിനോദിച്ചിടിപ്പാനും
ഇടയില്ല നമുക്കിനി വല്ലട
അടങ്ങിടുകയിത്ഭരന്മാരുകൾ.

വേടനാകിലും പക്ഷിയെന്നാകിലും
കേട്ട നമ്മൾക്ക വന്നപോം നിശ്ചയം
മാടപ്രാക്കളിണനെ തണ്ടിൽ
